Draft #11 of File 36193/ACA1 SO/2020/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 25-Sep-2021 03:38 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

2021-22 അദ്ധ്യയന വർഷം മുതൽ ഡിഗ്രി പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം - നിശ്ചിത യോഗ്യതയുള്ള സ്റ്റുഡന്റ് പോലീസ് കേഡറ്റുകളായ വിദ്യാർത്ഥികൾക്ക് 15 മാർക്ക് വെയ്റ്റേജ് മാർക്ക് നൽ കുവാനുള്ള സിൻഡിക്കേറ്റ് സമിതിയുടെ ശിപാർശ - അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 4999/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 25.09.2021

---

*പരാമർശം:*-1.സർവ്വകലാശാല ഉത്തരവ് നമ്പർ 120/AC A 1/2021/എം.ജി.യു തീയതി 07.01.2021

**ഉത്തരവ്**

സർവ്വകലാശാലയിലെ ഡിഗ്രി പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിന് സ്റ്റുഡന്റ് പോലീസ് കേഡറ്റ് ആയിട്ടുള്ള വിദ്യാർത്ഥികൾക്ക് വെയ്റ്റേജ് മാർക്ക് നൽകുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു സമിതിയെ നിയോഗിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത സമിതി, 2021-2022 അദ്ധ്യയന വർഷം മുതൽ ഡിഗ്രി പ്രോഗ്രാമിലേക്കുള്ള അഡ്മിഷന്, എൻ.എസ്.എസ്., എൻ.സി.സി. വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതുപോലെ, നിശ്ചിത യോഗ്യതയുള്ള സ്റ്റുഡന്റ് പോലീസ് കേഡറ്റുകളായ വിദ്യാർത്ഥികൾക്കും 15 മാർക്ക് വെയിറ്റേജ് മാർക്ക് ആയി നൽകാവുന്നതാണ് എന്ന് ശിപാർശ ചെയ്തിരിക്കുന്നു.

ടി ശിപാർശ , മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്റ്റ് 1985,അദ്ധ്യായം III , സെക്ഷൻ 10 (17) പ്രകാരമുള്ള അധികാരമുപയോഗിച്ച് അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ

2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ.മാർ

4.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )

5.ഓഡിറ്റ്/അക്കൗണ്ട്സ്/ ഫിനാൻസ്/ പരീക്ഷ / അക്കാദമിക് സെക്ഷനുകൾ

6.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി / സിറ്റാഡ് / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷനുകൾ

7.എസി ബി 6 / എസി ബി 7 / യൂണിവേഴ്സിറ്റി വെബ് സൈറ്റ്

8.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #11 of File 36193/ACA1 SO/2020/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 25-Sep-2021 03:38 PM - Page 2